പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3532 12/12/2014 - ൽ മറുപടിക്ക്

## പക്ഷിപ്പനിയും പ്രതിരോധ പ്രവർത്തനവും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.എ. അസീസ് :<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് പടർന്ന് പിടിച്ച പക്ഷിപ്പനി മൂലം എത്ര താറാവുകളാണ് ചത്തത്; എത്ര എണ്ണത്തിനെയാണ് കൊലപ്പെടുത്തിയത്; ജില്ല തിരിച്ചുള്ള ക ണക്ക് വ്യക്തമാക്കുമോ; | എ) പക്ഷിപ്പനി സ്ഥിരീകരിച്ച സ്ഥലങ്ങളിൽ മൊത്തം 17,835 താറാവുകൾ ചത്തുപോയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>ജില്ല തിരിച്ചുള്ള കണക്കുകൾ<br>1. ആലപ്പുഴ -13,673<br>2. പത്തനംതിട്ട - 213<br>3. കോട്ടയം - 3,949<br>കൊന്ന താറാവുകളുടെ ആകെ എണ്ണം - 2,66,733 (ഇതിൽ 24,627 മുട്ട, താറാവുകുഞ്ഞുങ്ങളും ഉൾപ്പെടുന്നു)<br>ജില്ല തിരിച്ചുള്ള കണക്കുകൾ<br>1. കോട്ടയം 12,214<br>2. പത്തനംതിട്ട 5,043<br>3. ആലപ്പുഴ 2,49,476 (മുട്ട, താറാവുകുഞ്ഞുങ്ങൾ ഉൾപ്പെടെ) |
| ബി) എത്ര രൂപയാണ് സംസ്ഥാന സർക്കാർ നഷ്ടപരിഹാരമായി നൽകിയത്; | ബി) 8/12/14 വരെ 1,37,94,000 രൂപ കർഷകർക്ക് നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്, |

| | |
|---|---|
| സി) പനി പടർന്നു പിടിക്കാതിരിക്കാനും മനുഷ്യരിലേയ്ക്ക് വ്യാപിക്കാതിരിക്കാനും സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | സി) രോഗവ്യാപനം തടയുന്നതിനുവേണ്ടി പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ രോഗബാധിത പ്രദേശത്തിന്റെ 1 കി.മീ ദൂര പരിധിയിലുള്ള രോഗം ബാധിച്ചതും കൂടെയുണ്ടായിരുന്നതുമായ പക്ഷികളെയെല്ലാം കൊന്നൊടുക്കി ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. ടി ജില്ലകളിലേയ്ക്കും പുറത്തേയ്ക്കുമുള്ള പക്ഷി, പക്ഷി ഉല്പന്നങ്ങൾ എന്നിവയുടെ കടത്ത് താത്ക്കാലികമായി നിരോധിച്ചു. ടി ജില്ലകളിലെ കർഷകർക്ക് പക്ഷിപ്പനിയെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും ക്ലാസ്സുകൾ നടത്തുകയും, ലഘുലേഖകൾ, നോട്ടീസുകൾ എന്നിവ വിതരണം ചെയ്യുകയും, റേഡിയോ/ പത്രമാധ്യമങ്ങളുടെ ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ